ഉത്തരം

(എ) 664 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) മൂന്നുസ്ഥാപനങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) എൽ. ബി. കേസ് ബുക്ക് ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥലപരിശോധനയ്ക്ക് വിചാരണയും നടത്തിയിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) എ ഫാറം, സ്കെച്ച് എന്നിവ തയ്യാറാക്കി വില്ലേജ് ഓഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് എൽ. ബി. കേസ് ബുക്ക് ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

എ. കെ. ജി. കോളനിയിലെ കുടികിടപ്പുകാർക്ക് കൈവശരേഖ

48 (854) ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ തിരുവാലി പഞ്ചായത്തിലെ എ. കെ. ജി. കോളനിയിൽ പതിനഞ്ചു വർഷമായി താമസിച്ചു വരുന്ന കുടികിടപ്പുകാർക്ക് കൈവശരേഖ ഇപ്പോഴും ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളനി നിവാസികൾക്ക് കൈവശ രേഖ ലഭിക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്ക് എന്നത്തേയ്ക്ക് കൈവശരേഖ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എ. കെ. ജി. കോളനി നിവാസികളിൽ 54 പേർ ലാന്റ് ട്രിബ്യൂണലിൽ നിന്ന് അനധികൃത പട്ടയം സമ്പാദിച്ചതിനെതിരെ, തൃശൂർ അപ്പലേറ്റ് അതോറിറ്റിയിൽ സമർപ്പിച്ച അപ്പീലിൽ 42 കേസുകളിൽ പട്ടയം റദ്ദു ചെയ്തിട്ടുണ്ട്. ബാക്കി കേസുകളിൽ തീർപ്പ് കൽപ്പിച്ചാലുടൻ തന്നെ എ. കെ. ജി കോളനി നിവാസികൾക്ക് കേരള ഭൂപരിഷ്കരണ നിയമപ്രകാരം കൈവശഭൂമി പതിച്ച് പട്ടയങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി തങ്കമ്മയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

49 (857) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഇളവട്ടം ഊട്ടിമൂട് വീട്ടിൽ ശ്രീമതി തങ്കമ്മ അവർ കൈവശം വച്ചനുഭവിക്കുന്ന ഭൂമിക്ക് പട്ടയം കിട്ടണമെന്നാവശ്യപ്പെട്ട് 16-9-1999-ൽ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly